# യൂണിറ്റ് 13:  സ്കൂൾവിക്കി - കണ്ടുതിരുത്തൽ


വിക്കിപീഡിയയിൽ തിരുത്തുകൾ വരുത്തുന്നവർക്കായി അവതരിപ്പിക്കുന്ന പുതിയ രീതിയാണ് വിഷ്വൽ എഡിറ്റർ അഥവാ കണ്ടുതിരുത്തൽ സൗകര്യം. വിക്കിപീഡിയ എഡിറ്റിംഗിനായി നിലവിലുണ്ടായിരുന്ന വിക്കി ടെക്സ്റ്റ് അഥവാ വിക്കി മാർക് അപ് ലാങ്വേജ് ടാഗുകൾ നേരിട്ടുപയോഗിക്കാതെ തന്നെ താളിന്റെ രൂപഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഇത് ഉപയോക്താവിനെ സഹായിക്കുന്നു. വിക്കിമീഡിയ ഫൗണ്ടേഷൻ മുൻകൈ എടുത്ത് ഡെവലപ് ചെയ്യുന്ന ഒരു മീഡിയാ വിക്കി സങ്കേതമാണിത് . ഒരു വേഡ് പ്രൊസസർ എങ്ങനെയാണോ അനായാസം പ്രവർത്തിക്കുന്നത്; അതുപോലെ വിക്കിപീഡിയ തിരുത്താൻ ഈ ഉപകരണം സഹായിക്കുന്നു. എഡിറ്റിങ്ങ് വളരെയേറെ എളുപ്പത്തിൽ നടത്തുവാൻ സഹായിക്കുന്ന വിഷ്വൽ എഡിറ്റർ ആണ് ഇന്നത്തെ ചർച്ചാവിഷയം.

**തെരഞ്ഞെടുത്ത വാചകം റിച്ച് ടെക്സ്റ്റ് ഫോർമാറ്റിംഗ് രീതിയിൽ, കട്ടികൂടിയ എഴുത്താക്കുവാൻ, തലക്കെട്ട് സൃഷ്ടിക്കുവാൻ, ലേഖനത്തിൽ ചിത്രമോ, ഫലകമോ ചേർക്കുവാൻ ഒക്കെ ഈ സംവിധാനത്തിൽ കഴിയും.**

- മൌസുപയോഗിച്ചുതന്നെ ഇത്തരത്തിൽ താൾ ക്രമീകരിക്കുവാൻ കഴിയും. അതായത്, പുതിയ ഒരു ഉപയോക്താവിന് വിക്കി ഘടനകൾ (Syntax) അറിയില്ലെങ്കിലും വിക്കിപീഡിയ തിരുത്താൻ സാധിക്കും.
- നിങ്ങളുടെ തിരുത്തൽ താളിൽ തന്നെ നിങ്ങൾ ചെയ്യുന്നതെല്ലാം എങ്ങനെയിരിക്കും എന്ന് കാണുവാനും അതിനനുസരിച്ച് തിരുത്തുവാനും ഇതുവഴി കഴിയും.
- പുതുതായെത്തുന്നവർക്ക് സങ്കീർണ്ണമെന്ന് തോന്നിയേക്കാവുന്ന വിക്കി രൂപഘടനാ സംവിധാനം ലളിതമാക്കുക, വിക്കിപീഡിയ തിരുത്തുന്നതിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുക, പുതിയ എഡിറ്റർമാർക്ക് പരസഹായമില്ലാതെ സ്വയം താളുകൾ തിരുത്തുന്നതിന് പ്രാപ്തമായ സാഹചര്യം സൃഷ്ടിക്കുക എന്നിവയൊക്കെയാണ് ഈ സംവിധാനത്തിലൂടെ സാധിക്കുന്നത്.





- വിഷ്വൽ എഡിറ്റർ ഉപയോഗിച്ച് ഒരു പേജ് തിരുത്തുന്നതിനായി, ലോഗിൻ ചെയ്തശേഷം, **തിരുത്തുക** എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.





**ഖണ്ഡികകൾ തിരുത്തുന്നതിന് , മാതൃകയിൽക്കാണിച്ച പോലെ, തിരുത്തുക എന്നതിൽ ക്ലിക്ക് ചെയ്ത് എഡിറ്റ് സജ്ജമാക്കുക**

അപ്പോൾ പേജ് Editable ആവുന്നു. വിവരങ്ങൾ കൂട്ടിച്ചേർക്കാം. അക്ഷരത്തെറ്റുകളോ മറ്റോ ഉണ്ടെങ്കിൽ അത് **തിരുത്തിയശേഷം സേവ് ചെയ്യണം.**



***സയൻസ് എന്ന വാക്കിലെ അക്ഷരത്തെറ്റ് കാണുക. തിരുത്താം ക്ലിക്ക് ചെയ്യുക***



***തെറ്റ് പരിഹരിച്ചശേഷം മാറ്റങ്ങൾ സേവ് ചെയ്യുക***


## <u>വിഷ്വൽ എഡിറ്ററിൽ ഇൻഫോബോക്സ് തിരുത്തൽ</u>


**വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ സംക്ഷിപ്തമായി ചേർത്തിട്ടുള്ള വളരെ പ്രധാനമായ ഭാഗമാണ് ഇൻഫോബോക്സ്. വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇതിൽ അപ്ഡേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്.**

- <u>തിരുത്തുക</u> എന്ന ഓപ്ഷൻ എടുത്തശേഷം ഇൻഫോബോക്സ് Double Click ചെയ്താൽ **തിരുത്താൻ സാധിക്കും.** വിക്കികോഡുകൾക്കോ ടാഗുകൾക്കോ മാറ്റം സംഭവിക്കാതെതന്നെ, ഇൻഫോബോക്സിൽ വിവരങ്ങൾ ചേർക്കാനാവും

ഇൻഫോബോക്സിൽ ചിത്രം വേണം. എന്നാൽ, ചിത്രം ചേർക്കുന്നത് ചർച്ച ചെയ്യുന്ന മോഡ്യൂൾ യൂണിറ്റ് പരിചയപ്പെട്ടതിന് ശേഷം മാത്രം ചെയ്യാം. മറ്റ് വിവരങ്ങൾ ഇല്ലെങ്കിൽ അഥവാ തിരുത്തേണ്ടതാണെങ്കിൽ ചെയ്യണം.

- **സ്കൂൾകോഡ് ഫീൽഡിൽ മാറ്റം വരുത്തരുത്.**
- പഠനവിഭാഗങ്ങൾ 1 - LP
- പഠനവിഭാഗങ്ങൾ 2 - UP
- പഠനവിഭാഗങ്ങൾ 3 – HS
- പഠനവിഭാഗങ്ങൾ 4 – HSS
- പഠനവിഭാഗങ്ങൾ 5 - VHSS




- **ഏതെങ്കിലും പഠനവിഭാഗം ഇല്ലായെങ്കിൽ, ആ ഫീൽഡ് Blank ആയി വിടണം.**

**കുറിപ്പ്: pretty URL, Header tab എന്നിവ ചേർക്കുന്നതിന് കണ്ടുതിരുത്തലിൽ ശ്രമിക്കേണ്ടതില്ല. അതിന്, മൂലരൂപം തിരുത്തൽ ഉപയോഗിക്കാം. ഇക്കാര്യം പിന്നീട് ചർച്ചചെയ്യുന്നതാണ്.**

--------------------------------------------------

Register Here | Join Here | HelP DesK | Previous UnitS



| ഗവ. എച്ച്. എസ്. എസ്. കടയ്ക്കൽ | |
|---|---|
| വിലാസം | |
| കടയ്ക്കൽ<br>കടയ്ക്കൽ പി.ഒ., 691536 | |
| സ്ഥാപിതം | 1 - 6 - 1950 |
| വിവരങ്ങൾ | |
| ഫോൺ | 0474 2422141 |
| ഇമെയിൽ | gvhskadakkal@gmail.com |
| കോഡുകൾ | |
| സ്കൂൾ കോഡ് | 40031 (സമേതം) |
| എച്ച് എസ് എസ് കോഡ് | 02114 |
| വി എച്ച് എസ് എസ് കോഡ് | 902005 |
| യുഡൈസ് കോഡ് | 32130200312 |
| വിക്കിഡാറ്റ | Q105813651 |
| വിദ്യാഭ്യാസ ഭരണസംവിധാനം | |
| റവന്യൂ ജില്ല | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | പുനലൂർ |
| ഉപജില്ല | ചടയമംഗലം |
| ഭരണസംവിധാനം | |
| ലോകസഭാമണ്ഡലം | കൊല്ലം |
| നിയമസഭാമണ്ഡലം | ചടയമംഗലം |
| താലൂക്ക് | കൊട്ടാരക്കര |
| ബ്ലോക്ക് പഞ്ചായത്ത് | ചടയമംഗലം |
| തദ്ദേശസ്വയംഭരണസ്ഥാപനം | കടയ്ക്കൽ |
| വാർഡ് | 10 |
| സ്കൂൾ ഭരണ വിഭാഗം | |
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | ഹൈസ്കൂൾ<br>ഹയർസെക്കന്ററി<br>വൊക്കേഷണൽ<br>ഹയർസെക്കന്ററി |
| സ്കൂൾ തലം | 8 മുതൽ 12 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |
| സ്ഥിതിവിവരക്കണക്ക് | |
| ആൺകുട്ടികൾ | 958 |
| പെൺകുട്ടികൾ | 889 |
| ആകെ വിദ്യാർത്ഥികൾ | 2310 |
| അദ്ധ്യാപകർ | 76 |
| ഹയർസെക്കന്ററി | |
| ആൺകുട്ടികൾ | 153 |
| പെൺകുട്ടികൾ | 189 |
| വൊക്കേഷണൽ ഹയർസെക്കന്ററി | |
| ആൺകുട്ടികൾ | 68 |
| പെൺകുട്ടികൾ | 53 |
| സ്കൂൾ നേതൃത്വം | |
| പ്രിൻസിപ്പൽ | നജീം എ |
| വിഎച്ച്എസ്എസ് പ്രിൻസിപ്പൽ | റജീന എസ് |
| പ്രധാന അദ്ധ്യാപകൻ | വിജയകുമാർ റ്റി |
| പി.ടി.എ. പ്രസിഡണ്ട് | അഡ്വ.റ്റി ആർ തങ്കരാജ് |
| എം.പി.ടി.എ. പ്രസിഡണ്ട് | പ്രിയ |
| അവസാനം തിരുത്തിയത് | |
| 14-03-2023 | 40031 |